**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2029 — 05.12.2018 ൽ മറുപടിയ്ക്ക്

## ഗജ ചുഴലിക്കാറ്റ്

| **ചോദ്യം**<br>ശ്രീ. എ. എം.ആരിഫ് | **മറുപടി**<br>ശ്രീ. പിണറായി വിജയൻ<br>ബഹു. മുഖ്യമന്ത്രി |
|---|---|
| (എ) 2018 നവംബർ 16 ന് നമ്മുടെ സംസ്ഥാനത്തു കൂടി കടന്നുപോയ 'ഗജ' ചുഴലിക്കാറ്റിൽ, തൈക്കാട്ടുശ്ശേരി പഞ്ചായത്തിലും ചേർത്തല താലൂക്കിലെ വിവിധ പ്രദേശങ്ങളിലും ഉണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമായ കണക്കുകൾ അനുസരിച്ച് 16.11.2018 ന് ആഞ്ഞടിച്ച "ഗജ" ചുഴലിക്കാറ്റിന്റെ ഫലമായി ആലപ്പുഴ ജില്ലയിലെ അരൂർ ഉൾപ്പെടുന്ന 9 വില്ലേജുകളിൽ വ്യാപക നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 11 വീടുകൾ പൂർണ്ണമായും, 369 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. മരങ്ങളും മറ്റും വീണ് വീടുകൾ, സ്ഥാപനങ്ങൾ, വൈദ്യുതി പോസ്റ്റുകൾ, കൃഷി, മത്സ്യബന്ധനോപകരണങ്ങൾ മുതലായവയും നശിച്ചിട്ടുണ്ട്. തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ ആണ് ഏറ്റവും അധികം നഷ്ടം ഉണ്ടായിട്ടുള്ളത്. തൈക്കാട്ടുശ്ശേരി ഉൾപ്പെടെ ചേർത്തല താലൂക്കിൽ 1,32,70,000/- രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. വീടുകൾക്കുണ്ടായ നാശനഷ്ടം കണക്കാക്കി ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഡിസാസ്റ്റർ മാനേജ്മെന്റ് ധനസഹായ മാനദണ്ഡപ്രകാരം, ധനസഹായം അനുവദിക്കാൻ കഴിയാത്ത നിരവധി ആഞ്ഞിലി, പ്ലാവ്, പുളി തുടങ്ങി ഗൃഹനിർമ്മാണത്തിനാവശ്യമായ തടി മരങ്ങളും, തണൽ മരങ്ങളും നഷ്ടപ്പെട്ടിട്ടുള്ളത് | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

| | | | |
|---|---|---|---|
| **(സി)** | വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും സംഭവിച്ച നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ;ആയതിൽ എപ്രകാരമാണ് നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നത്; | **(സി)** | നിലവിലുള്ള സംസ്ഥാന ദുരന്തപ്രതികരണ നിധി മാനദണ്ഡപ്രകാരം ഇത്തരം നാശനഷ്ടങ്ങൾക്ക് സഹായം അനുവദിക്കുവാൻ വ്യവസ്ഥയില്ലാത്ത സ്ഥിതിയുണ്ട്. |
| **(ഡി)** | കേന്ദ്രമാനദണ്ഡപ്രകാരം ധനസഹായം ലഭ്യമാക്കുവാൻ കഴിയാത്ത ഇനങ്ങളിൽ പ്രത്യേക ധനസഹായം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; ഇത് സംബന്ധിച്ച് ഉത്തരവ് ഉടനെ നൽകുമോ; | **(ഡി)** | ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ